# വഴിയിലെ അമൃത്

## 3. പെരുമാറ്റം

ഒരിടത്ത് ഒരു പണ്ഡിതനുണ്ടായിരുന്നു. ജനങ്ങൾക്ക് അദ്ദേഹത്തെ ഏറെ ഇഷ്ടമായിരുന്നു. മാന്യനും സൽസ്വഭാവിയുമായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന് ഒരു മകനുണ്ടായിരുന്നു. ജനങ്ങൾക്കൊക്കെ അവനോട് വെറുപ്പായിരുന്നു. പറയത്തക്ക കൂട്ടുകാരൊന്നും അവനുണ്ടായിരുന്നില്ല. അവനോടൊപ്പം കളിക്കാനും അവന്റെ കൂടെ ക്ലാസ്സിൽ ഇരിക്കാനും കുട്ടികൾക്ക് മടിയായിരുന്നു. അവന്റെ സ്വഭാവം തന്നെയായിരുന്നു അതിന് കാരണം. ഇത് അവനെ വല്ലാതെ വേദനിപ്പിച്ചു. ഒരു ദിവസം അവൻ തന്റെ മനോവേദന പിതാവിന്റെ മുമ്പിൽ അവതരിപ്പിച്ചു. അവന്റെ സ്വഭാവത്തെപ്പറ്റി അറിയാമായിരുന്ന പിതാവ് അവനെ ഉറുമ്പിൻ കൂട്ടത്തിനടുത്തേക്ക് കൊണ്ടുപോയി. അവയെ നല്ലതുപോലെ ശ്രദ്ധിക്കാൻ അദ്ദേഹം അവനോട് ആവശ്യപ്പെട്ടു. അവയിൽ ചിലത് വലിയ ധാന്യമണി ഒന്നിച്ചു പിടിച്ചു കൊണ്ടുപോകുന്നുണ്ടായിരുന്നു. ചിലത് തനിയെ കൊണ്ടുപോകുന്നു. തിരിച്ചുവരുന്നവ എതിരെ വരുന്നവയോട് കുശലം പറയുന്നു. പരസ്പരം സഹകരണത്തിന്റെയും സ്നേഹത്തിന്റെയും അദ്ധ്വാനത്തിന്റെയും വലിയ ചിത്രം അദ്ദേഹം അവന് അവിടെ കാണിച്ചുകൊടുത്തു.



''നീ അത് കണ്ടോ?'' അദ്ദേഹം അവനോട് തിരക്കി. അതെ എന്നവൻ ഉത്തരം പറഞ്ഞു.

''നിനക്കെന്തെങ്കിലും മനസ്സിലായോ?'' അദ്ദേഹം തിരക്കി. ഇല്ലെന്നവൻ തലയാട്ടി.

അവനെയും കൊണ്ട് അദ്ദേഹം വീട്ടിനകത്തേക്ക് നടന്നു.

''ആ ഉറുമ്പുകൾ വലിയ സ്നേഹത്തിലും ഐക്യത്തിലുമാണ് കഴിയുന്നത്. അവ പരസ്പരം കലഹിക്കുന്നില്ല. ഒരുമയാണ് അവരിൽ പ്രധാനം. അതാണ് അവയുടെ വിജയം.

മറ്റുള്ളവരെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുമ്പോഴാണ് അവരും നമ്മെ സ്നേഹിക്കുകയുള്ളൂ. മറ്റുള്ളവർ നിന്നോട് എങ്ങനെ പെരുമാറണമെന്നാണോ നീ ആഗ്രഹിക്കുന്നത് അതുപോലെ ആദ്യം നീ അവരോട് പെരുമാറുക. അപ്പോൾ അവർ നിന്നോടും അതുപോലെ പെരുമാറും. നീ നിനക്ക് ഇഷ്ടപ്പെടുന്നത് അവർക്കുവേണ്ടിയും ഇഷ്ടപ്പെടുക. നീ നിനക്ക് വേണ്ടി വെറുക്കുന്നത് അവർക്കുവേണ്ടിയും നീ വെറുക്കണം. നിന്നെ മറ്റുള്ളവർ ആക്രമിക്കുന്നത് നീ ഇഷ്ടപ്പെടാത്തതുപോലെ അവരെ ആക്രമിക്കാനും നീ മുതിരരുത്. നിന്നോട് അവർ നന്മ ചെയ്യണമെന്ന് നീ ആഗ്രഹിക്കുന്നതുപോലെ ആദ്യം നീ അവർക്ക് നന്മ ചെയ്യണം. അവർ നിന്നോട് ചീത്ത പ്രവർത്തിക്കരുതെന്ന് നീ കൊതിക്കുന്നുണ്ടെങ്കിൽ നീ അവരോട് ചീത്ത ചെയ്യരുത്. നീ നിന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുക. അവർക്ക് ഇഷ്ടപ്പെടാത്തത് നീ അവരോട് പറയരുത്. അവർ നിന്നോട് അത് പറയുന്നത് നീ ഇഷ്ടപ്പെടുന്നില്ലല്ലോ. അവർ നിന്നെ നോക്കുമ്പോൾ നീ അവരോട് ചിരിക്കണം. അവർ ഉപകാരം ചോദിച്ചാൽ അത് കൊടുക്കണം. നീ അവരെ സ്നേഹിക്കുന്നുണ്ടെന്ന് നിന്റെ സ്വഭാവത്തിൽ നിന്നും സംസാരത്തിൽനിന്നും പെരുമാറ്റത്തിൽനിന്നും അവർക്ക് ബോധ്യപ്പെടണം. എങ്കിൽ മറ്റുള്ളവർ നിന്നെയും സ്നേഹിക്കും.''

അപ്പോഴാണ് അവന് തന്റെ സ്വഭാവത്തിലെ തകരാർ ബോധ്യപ്പെട്ടത്. താൻ ഇനി മുതൽ എല്ലാവരോടും ആ രീതിയിൽ പെരുമാറാമെന്നവൻ പിതാവിന് വാക്ക് കൊടുത്തു. താമസിയാതെ അവൻ പിതാവിനെപ്പോലെ മറ്റുള്ളവർക്ക് പ്രിയമുള്ളവനായി മാറി.